# കുരുമുളക് പറിക്കാനുള്ള ഉപകരണത്തിന് കൃഷി വകുപ്പിന്റെ ധനസഹായം

Mathrubhumi 30.12.17

പട്ടിക്കാട് ▸ കുരുമുളക് പറിക്കാൻ ചെലവുകുറഞ്ഞ ഉപകരണവുമായി ആശാരിക്കാട് സ്വദേശി കുറ്റ്യാനിക്കൽ ജോസ്. ജെ.പി.പി. (ജോസ് പെപ്പർ പ്ലക്കർ) എന്ന ഉപകരണത്തിന്റെ പ്രവർത്തനോദ്ഘാടനം കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിച്ചു. കെ. രാജൻ എം.എൽ.എ. മുഖ്യാതിഥിയായി. കർഷകോത്തമ പുരസ്കാരജേതാവ് സിബി കല്ലിങ്കലിന്റെ കൃഷിയിടത്തിലാണ് ഉദ്ഘാടനം നടത്തിയത്. വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ നടക്കുന്ന അന്താരാഷ്ട്ര കാർഷിക പ്രദർശനത്തിൽ ഉപകരണം പരിചയപ്പെടുത്തും.



▶ ജോസ് കുറ്റ്യാനിക്കൽ കുരുമുളക് പറിക്കുന്ന ഉപകരണവുമായി

പി.വി.സി പൈപ്പ്, സ്റ്റീൽ ബ്ലേഡ്, സ്ക്രൂ എന്നിവ ഉപയോഗിച്ചാണ് ജെ.പി.പി.യുടെ നിർമ്മാണം. ചെരിച്ചു മുറിച്ച പൈപ്പിൽ പ്രത്യേകരീതിയിൽ ബ്ലേഡ് ഉറപ്പിച്ചാണ് ഇത് തയ്യാറാക്കുന്നത്. മരത്തിലോ ഏണിയിലോ കയറാതെ നിലത്തു നിന്ന് ഇതുപയോഗിച്ച് കുരുമുളക് പറിക്കാം. ആവശ്യാനുസരണം പി.വി.സി. പൈപ്പിന്റെ നീളം കൂട്ടി എത്ര ഉയരത്തിൽനിന്നും പറിക്കാം. പഴുത്ത തിരികൾ പൊട്ടിക്കുമ്പോൾ കുരുമുളകുമണികൾ അടർന്നുവീഴുന്നത് കർഷകന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കാറുണ്ട്. എന്നാൽ ഈ ഉപകരണത്തിൽ പൊട്ടിച്ച കുരുമുളക് പൈപ്പിൽ തന്നെ ശേഖരിക്കാം. സ്ത്രീകൾക്കും കുട്ടികൾക്കും പ്രവർത്തിപ്പിക്കാനാകും. കുറഞ്ഞ മുതൽമുടക്കും പ്രവർത്തനച്ചെലവും വരുന്ന ഉപകരണത്തിന് അറ്റകുറ്റപ്പണികൾ ആവശ്യമില്ല.

ഉപകരണത്തിന്റെ പേറ്റന്റ് നടപടികൾ ഏറെക്കുറെ പൂർത്തീകരിച്ചു കഴിഞ്ഞു. അഞ്ഞൂറു രൂപയിൽ താഴെമാത്രമാണ് ഉപകരണത്തിന്റെ നിർമാണച്ചെലവ്. ആവശ്യക്കാർക്ക് ഇത് നിർമിച്ചു നൽകാനും ഉപയോഗിക്കുന്നതിന് പരിശീലനം നൽകാനും ജോസ് തയ്യാറാണ്.